ളിലും ഈ ഗവൺമെൻറ് വന്നതിനുശേഷം . ഫർപ്പെടുത്തിയിട്ടുണ്ട്. അതു കൊണ്ട് ആ സ്കൂളിലും അതുണ്ടെന്നുള്ള കാര്യത്തിൽ നൂറു ശതമാനവും ഉറപ്പാണ്. കെട്ടിടത്തിന്റെ അപര്യാപ്തതയെ സംബന്ധിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ച സംഗതി ശരിയാണ്. ഷിഫ്റ്റും അതിപോലെ തന്നെ സെഷണൽ സമ്പ്രദായവും നിലനിൽക്കുന്ന ഒരു സ്കൂളാണ് അത്. അവിടെ അക്കോമഡേഷന്റെ കാര്യത്തിൽ പ്രയാസമുണ്ട്. അതുനുവേണ്ടി നേരത്തെ ഒരു എസ്റ്റിമേറ്റ് എടുക്കുകയും 1980-ൽ അതിനുവേണ്ടി ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. പക്ഷേ ഫണ്ടിന്റെ അപര്യാപ്ത കാരണം പിന്നീട് ആ പ്രവർത്തനം ഏറ്റെടുക്കാൻ കഴിഞ്ഞില്ല. ഇപ്പോഴും അത് മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി ഈ ജോലി ഏറ്റെടുക്കുന്നതിനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിച്ചു വരികയാണ്.

(18) കൊടുങ്ങല്ലൂർ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. വി. കെ. രാജൻ : സർ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലെ മേത്തല പഞ്ചായത്ത് ഉൾപ്പെട്ട പ്രദേശത്ത് ശുദ്ധജല വിതരണം നടത്തുന്നതിനായുള്ള കൊടുങ്ങല്ലൂർ ശുദ്ധജല വിതരണ പദ്ധതിയുടെ ഉൽഘാടനം കഴിഞ്ഞിട്ട് ഒരു വർഷമായി. എന്നാൽ ഉപ്പുവെള്ളം കുടിച്ചു കഴിയുന്ന പ്രദേശങ്ങളിൽ ആവശ്യമായ എല്ലാ സ്ഥലത്തും പൈപ്പുകളും ഇനിയും ഇട്ടിട്ടില്ല. പൈപ്പുകളും ഇട്ട സ്ഥലത്ത് പൈപ്പുകളും സ്ഥിരമായി പൊട്ടിക്കൊണ്ടിരിക്കുന്നു. അങ്ങനെ പൊതുസ്ഥലത്തെ ടാപ്പുകളിൽപ്പോലും വെള്ളം കിട്ടുന്നില്ല. ഉൽഘാടന ഘട്ടത്തിൽ മൂന്നു മാസത്തിനകം ആവശ്യമായ എല്ലാവർക്കും ഹൗസ് കണക്ഷൻ നൽകുന്നതാണെന്ന് അന്നത്തെ മന്ത്രി പറഞ്ഞിരുന്നു. എന്നാൽ അതിനുള്ള യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. അതിനാൽ പൈപ്പ് ആവശ്യമുള്ള മുഴുവൻ സ്ഥലത്തും പൈപ്പു ഇടുന്നതിനും പൊതു സ്ഥലത്ത് കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുന്നതിനും ഹൗസ് കണക്ഷൻ എത്രയും വേഗംനൽകുന്നതിനുമുള്ള നടപടികളും സ്വീകരിക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് ഒരു ഓൺഗോയിങ്ങ് പ്രോജക്ട് ആണ്. ഇതിന്റെ പണി നടന്നു കൊണ്ടിരിക്കുകയാണ്. ഇവിടെ 300 പൈപ്പ് ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പൈപ്പ് ലൈനിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. അതുപ്പോലെ തന്നെ പബ്ലിക്ക് ടാപ്പ്സ് വേറെ നിർമ്മിക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നു. ഹൗസ് കണക്ഷൻസ് കൊടുക്കുന്നതിനുള്ള നടപടികളും നടന്നു വരികയാണ്.

(19) കണിയാംപറയിലെ ഇരട്ട കൊലപാതകം

ശ്രീ. സിറിയക് ജോൺ : സർ, അങ്ങയുടെ പാർട്ടിയുടെ മുഖപത്രമായ 'ചന്ദ്രിക' യിൽ വന്ന വാർത്തയുടെ പ്രസക്തമായ ഒരു ഭാഗം ഞാൻ വായിക്കാം. 'ഇരട്ടക്കൊല' കണിയാമ്പറ ദുഃഖത്തിന്റെ കരിനിഴലിൽ ...."മനുഷ്യമനസാക്ഷിയെഞെട്ടിച്ച കണിയാമ്പറയിലെ ഭീകരമായ ഇരട്ടക്കൊലപാതകം സൃഷ്ടിച്ചദുഃഖത്തിന്റെ കരിനിഴൽ രണ്ടാം ദിവസമായ തിങ്കളാഴ്ചയും വയനാട്ടിൽനിന്ന് വിട്ടുമാറിയിട്ടില്ല." ആ വാർത്തയെല്ലാം ഞാൻ വായിക്കുന്നില്ല സർ. "പ്രതികളെ പിടികൂടിയെന്ന വാർത്ത കേൾക്കാൻ ജനം ആകാംക്ഷയോടെ കാതോർത്തിരിക്കുകയാണ്"" സർ, 28-ാം തീയതി 'ചന്ദ്രിക' യിൽ വന്ന വാർത്തയാണിത്. കഴിഞ്ഞ 25-10-1986-ൽ രാത്രിയിലാണ് ഈ സംഭവം. രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകളെയാണ് ഒരു വീട്ടിൽ വച്ച് കൊലചെയ്യപ്പെട്ടത്. പിറ്റെന്നു രാവിലെ ആദിവാസിയായിട്ടുള്ള ഒരു കറവക്കാരൻ വന്നപ്പോഴാണ് രണ്ടു സ്ത്രീകളും മരണപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെടുന്നതു തന്നെ. മരണപ്പെട്ട ഒരു സ്ത്രീയുടെ മകൻ ആ വീട്ടിലുണ്ടായിരുന്നു. പക്ഷേ ആ വീട് പുറത്തു നിന്ന് ഓടാമ്പലിട്ട് അടച്ചതായാണ് മറ്റുള്ള ആളുകളുടെ ദൃഷ്ടിയിൽ വരുന്നത്. സർ, മകൻ അഷറഫ് എന്നു പറയുന്ന കുട്ടിയെയും വേലക്കാരനായിട്ടുള്ള കുമാരൻ എന്നു പറയുന്ന കർണ്ണാടകക്കാരനേയുമൊക്കെ പോലീസ് നിരന്തരം ചോദ്യം ചെയ്തു. പക്ഷേ എന്താണെന്നു മനസ്സിലാകുന്നില്ല. സർ, പിറ്റെന്നു തന്നെ കർണ്ണാടകക്കാരനായിട്ടുള്ള വേലക്കാരൻ കുട്ടിക്കു വളരെ സൗകര്യപൂർവ്വം നാടുവിടുവാനുള്ള സന്ദർഭമുണ്ടായി. ഇത് എന്തൊരു ഏർപ്പാടാണു സർ? ഒരു കേസ്സിനെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും ഇത്രയും ദാരുണമായിട്ടുള്ള കൊലപാതകത്തിന്റെ പേരിൽ കസ്റ്റഡിയിലെടുത്ത വേലക്കാരൻ കുട്ടിയെ, അതും മറ്റൊരു സംസ്ഥാനത്തുള്ള കുട്ടിയെ, കസ്റ്റഡിൽ എടുത്തതിന്റെ പിറ്റെ ദിവസം മുതൽ കാണുന്നില്ല സർ. മകൻ അഷറഫിനെ ദിവസംതോറും അവർ ചോദ്യം ചെയ്തു കൊണ്ടിരിക്കുന്നു. ഏതായാലും പോലീസ് നായയെക്കൊണ്ട് പരിശോധിപ്പിച്ചു. പോലീസ് നായ അവസാനമായി ചെന്നുനിന്നത് എവിടെയാണെന്നല്ലേ? സർ, അപ്പോഴല്ലേ പോലീസിന് ആകെ ഒരു വൈക്ലബ്യം. പോലീസ് നായ അവസാനമായി ചെന്നു നിന്നത് പോലീസ് തന്നെ അന്ന് ഉച്ചയ്ക്ക് ഗംഭീരമായ സദ്യ ഉണ്ട സ്ഥലത്താണ്. അതോടുകൂടി തന്നെ പോലീസിന്റെ അന്വേഷണത്തെ സംബന്ധിച്ചിടത്തോളം ജനങ്ങളിൽ അങ്ങേയറ്റത്തെ സംശയമായി സർ. പോരാത്തതിന് അവിടെ പല അനുഭവങ്ങളുമുണ്ട്. പന്മരം എന്നു പറയുന്ന സ്ഥലത്ത് കഴിഞ്ഞ വർഷം അതുപോലെ തന്നെ ഒരു ദേശാടനക്കാരി സ്ത്രീയെ അതായത് അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഒരു സ്ത്രീയെ പരസ്യമായിട്ട് ആളുകൾ ബലാൽസംഗം ചെയ്തു. ആ പ്രതിയെ പിടിക്കാൻ പോലീസ് ശ്രമവും നടത്തി. പക്ഷേ ആ പോലീസിന്റെ മേൽ സമ്മർദ്ദമുണ്ടായി. അവസാനം അറസ്റ്റ് ചെയ്ത പോലീസിനു നേതൃത്വം കൊടുത്ത എസ്. പി. യെ അന്നു രാത്രി തന്നെ സ്ഥലം മാറ്റി. ആ അനുഭവമൊക്കെ ആ നാട്ടിലുള്ളവർക്കുണ്ട്. അതുപോലെ തന്നെ തൊട്ടടുത്ത് അടുത്ത ദിവസം ഒരു സംഭവമുണ്ടായി സർ. ഞാൻ അവിടെ തന്നെ തിരുനെല്ലി പഞ്ചായത്തിൽ, അപ്പപ്പാറയിൽ പോലീസ് ഉദ്യോഗസ്ഥൻമാർ തന്നെ ആദിവാസി പെൺകുട്ടികൾക്ക് മദ്യം കൊടുത്തിട്ട് അവരെ നൃത്തം ചെയ്യിപ്പിച്ചു സർ. അതു കണ്ട് ആസ്വദിച്ച പോലീസാണല്ലോ ? അതുകൊണ്ടു തന്നെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആ അന്വേഷണത്തിൽ വലിയ ഉൽകണ്ഠയാണ് സർ. 'ചന്ദ്രിക' യിൽ വന്ന വാർത്തയെന്താണ് ? ''കാത്തോർത്തിരിക്കുന്നു'' എന്നാണ് പറയുന്നത്. അറസ്റ്റു ചെയ്ത വാർത്ത കേൾക്കാനാണ് സർ. സംഭവം കഴിഞ്ഞിട്ട് 20 ദിവസം കഴിഞ്ഞു. ഇപ്പോഴും ആ ആളുകൾ കാത്തോർത്തിരിക്കുകയാണ് സർ. എന്തു ചെയ്യണം ഈ പോലീസിനെ സംബന്ധിച്ചിടത്തോളം അവർക്ക് വിശ്വാസം നശിച്ചു, ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നത് ഈ മന്ത്രി സഭയിലെ ഒരു അംഗമാണ് സർ. രണ്ട് സ്ത്രീകൾ മരണപ്പെട്ടിട്ട് ഇന്നോളം ആ വീട്ടിൽ ഒന്നുപോകാൻപോലും ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഈ മന്ത്രി സഭയിലെ ഒരംഗമായ ശ്രീമതി എം. കമലം തയ്യാറായില്ല. ആളുകൾക്ക് അതിലൊക്കെ വളരെ കുണ്ഠിതമുണ്ട്. ജനങ്ങളിൽ ഇന്നുള്ള വിശ്വാസമെന്താണെന്ന് അറിയാമോ? ഇതിനെ സംബന്ധിച്ചിടത്തോളം വലിയ പ്രത്യാശ ഇല്ല. കരുണാകരൻ എന്നു പറയുന്ന രക്തരക്ഷസ പോലീസിൽ ആവാഹിച്ച് ആ പോലീസ് ഇന്ന് സ്ത്രീകളെ കൊല്ലുകയും മാനഭംഗപ്പെടുത്തുകയും ചെയ്യുന്ന വിനോദത്തിലേർപ്പെട്ടിരിക്കുന്നിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

കാലം ഇവിടെ ഈ തരത്തിലൊക്കെ സംഭവിക്കു എന്നുള്ള വിധത്തിലാണ് സർ, ജനങ്ങളിരിക്കുന്നത്. എന്തെങ്കിലും ഒരു യജ്ഞം നടത്തി, പാഞ്ഞാം യജ്ഞത്തിനു പകരം വല്ല മാളയജ്ഞമോ മറ്റോ നടത്തി ഈ രക്തരക്ഷസിനെ വല്ലയിടത്തുമൊന്നു പിടിച്ചു തളച്ചിട്ടെങ്കിൽ മാത്രമേ രക്ഷയുള്ളു എന്നുള്ള വിധത്തിലാണു സർ, ഈ രാജ്യത്തെ ജനങ്ങളാകമാനം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ ഇരട്ടക്കൊലപാതകത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ ഈ രണ്ടു സ്ത്രീകളും അവരുടെ ഒരു മകനും ഒരു ശമ്പളക്കാരനുമായിരുന്നു. 26-ാം തീയതി ആ വീട്ടിലുണ്ടായിരുന്നത്. 25-ാം തീയതി അവരുടെ ഭർത്താവും മറ്റുള്ളവരുമൊക്കെ മറ്റൊരു വീട്ടിൽ പോയിരിക്കുകയായിരുന്നു. ഈ സംഭവത്തെ സംബന്ധിച്ച് വയനാട് ഡി. എസ്. പി. യുടെ നേതൃത്വത്തിൽതന്നെ വിശദമായ അന്വേഷണം നടത്തി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പക്ഷേ ആവശ്യമായ തെളിവ് ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

(20) ഏറ്റുമാനൂർ താലൂക്ക് രൂപീകരണം

ശ്രീ. ഇ. ജെ. ലൂക്കോസ് : സർ, രാജഭരണകാലത്ത് നിലവിലിരുന്നതു 45 വർഷങ്ങൾക്കുമുമ്പ് നിർത്തലാക്കിയതുമായ ഏറ്റുമാനൂർ താലൂക്ക് പുനരാരംഭിക്കണമെന്നുള്ള കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. അത് ഒരു താലൂക്ക് കേന്ദ്രമാകാത്തതിന്റെ ഫലമായി അവിടെ വികസനപരമായ പല കാര്യങ്ങളും ലഭിക്കാതെ പോകുന്നുവെന്നുള്ളത് കഷ്ടമാണ്. ഇന്ന് ആ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എട്ടു താലൂക്കുകളും അതുപോലെതന്നെ സമീപപ്രദേശങ്ങളിലുള്ള മീനച്ചൽ താലൂക്കിൽപ്പെടുന്ന കിടങ്ങൂർ, കാണക്കാരി, ഒളശ്ശാട്, വൈക്കം താലൂക്കിൽപ്പെടുന്ന മാഞ്ഞൂർ, കോനെല്ലൂർ, കല്ലറ, കോട്ടയം താലൂക്കിൽപ്പെടുന്ന അയർക്കുന്നം തുടങ്ങിയിട്ടുള്ള വില്ലേജുകൾക്കെല്ലാം ഇത് സൗകര്യപ്രദമാണ്. ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം ബഹുമാന്യനായ റവന്യൂവകുപ്പുമന്ത്രിയുടെയടുത്ത് നേരിട്ടും അതുപോലെ സബ്മിഷൻ മുഖേനയും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഏറ്റുമാനൂർ താലൂക്ക് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട ഇ. ജെ. ലൂക്കോസ് അവിടെനിന്നു തെരഞ്ഞെടുക്കപ്പെട്ട അന്നുമുതൽ ഈ ആവശ്യം നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ്. താലൂക്കുകൾ മൊത്തം പുന : സംഘടിപ്പിക്കുന്നസമയത്ത് ഇതും പരിഗണിക്കുന്നതാണ്.

(21) തുറവൂർ പഞ്ചായത്തിൽ വളമംഗലം പ്രദേശത്ത് പോലീസ് നടത്തിയ അതിക്രമം

ശ്രീമതി കെ. ആർ. ഗൗരി : സർ, അൽപ്പം കൂടുതൽ പറയാനുള്ളതുകൊണ്ടാണ് ഞാൻ അടിയന്തിരപ്രമേയവുമായിട്ടു വന്നത്. കഴിഞ്ഞ ഞായറാഴ്ച വെളുപ്പിന് എന്റെ നിയോജകമണ്ഡലമായ തുറവൂർ, പഞ്ചായത്തിൽ വളമംഗലം പ്രദേശത്ത് വെടികെട്ടുകാർ പ്രത്യേകം താമസിക്കുന്ന ഒരു ഏരിയാ ഉണ്ട്. ആ ഏരിയായിൽ ഒരു വീട്ടിലുണ്ടാക്കി വച്ചിരുന്ന അമിട്ട് പൊട്ടി, ആ

LIBRARY ARCHIVES Kerala Legislative Assembly